**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5880     04.07.2019 -ൽ മറുപടിക്ക്**

**അഴിമതി ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എൻ. വിജയൻ പിള്ള : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പാലങ്ങളുടെയും റോഡുകളുടെയും കെട്ടിടങ്ങളുടെയും സുരക്ഷ സംബന്ധിച്ച് വകുപ്പുതല എക്സ്പേർട്ട് കമ്മിറ്റി പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. ഏനാത്ത് പാലത്തിന് ബലക്ഷയം ഉണ്ടായതുമായി ബന്ധപ്പെട്ട് 2017-ൽ എല്ലാ പാലങ്ങളും പരിശോധിക്കുകയും നിലവിലുള്ള 2529 പാലങ്ങളിൽ 370 പാലങ്ങൾക്ക് പുനർ നിർമ്മാണം / പുനരുദ്ധാരണം ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയത്തിന് ശേഷമുള്ള രണ്ടാം ഘട്ട പരിശോധനയിൽ 54 പാലങ്ങൾ കൂടി പുനർ നിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ പശ്ചാത്തലത്തിൽ പൊതുമരാത്ത് വകുപ്പ് പാലങ്ങൾ വിഭാഗം നിർമ്മിച്ചുകൊണ്ടിരിക്കുന്ന എല്ലാ പാലങ്ങളും സന്ദർശിക്കുന്നതിനും പാലങ്ങളുടെ ഭരണ പരവും സാങ്കേതികപരവും ഗുണമേൻമാപരവും പുരോഗതി പരവുമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഉത്തരമേഖല, ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും പരിശോധന |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി വരികയും ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ പരിപാലനവും സുരക്ഷാ വിലയിരുത്തലുകളും പൊതുമരാമത്ത് വകുപ്പ് മാനുവലിലെ നിബന്ധനകൾ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർ മാരുടെ ഉത്തരവാദിത്തമാണ്. |
| (ബി) | 2011-2016 കാലഘട്ടത്തിൽ സംസ്ഥാനത്ത് ഉയർന്നുവന്നിട്ടുള്ള ക്രമക്കേടുകളും ആരോപണങ്ങളും സംബന്ധിച്ച് ഈ സർക്കാർ പ്രാഥമികമായ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിലെ വസ്തുതകൾ വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കിറ്റ്കോയുമായി ബന്ധപ്പെട്ട് 2001 മുതൽ 2019 വരെയുള്ള കാലത്ത് പൊതുമരാമത്ത് വകുപ്പിൽ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ, ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്)-കൺവീനർ എന്നിവരെ അംഗങ്ങളാക്കി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ, അടിസ്ഥാനസൗകര്യ വികസനത്തിന്റെ മറവിൽ രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥരും കരാറുകാരും കൈകോർത്ത് നടത്തിയ ഇടപാടുകൾ അഴിമതിയിൽ കലാശിക്കുകയും ഗുരുതരമായ സ്ഥിതിവിശേഷം ക്ഷണിച്ചുവരുത്തുകയും ചെയ്തതായി വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇരുന്നൂറ് മീറ്റർ നീളവും മൂന്ന് മീറ്റർ വീതിയും രണ്ടുതൂണുകളും മാത്രമുള്ള ആലുവയിലെ നടപ്പാലത്തിന്റെ ടെൻഡർ ആറ് കോടി രൂപ ആയിരുന്നത് പണി പൂർത്തിയാക്കിയപ്പോൾ പതിനേഴ് കോടി രൂപയാവാൻ ഇടയായ സാഹചര്യം എന്തായിരുന്നു; | (ഡി) | ആലുവ ശിവരാത്രി മണപ്പുറത്തേയ്ക്കുള്ള കോൺക്രീറ്റ് നടപ്പാലത്തിന് 3 സ്പാനുകളിലായി ആകെ 200 മീറ്റർ നീളവും ഇരു ഭാഗത്തേയ്ക്കും 3 മീറ്റർ വീതമുള്ള നടപ്പാത ഉൾപ്പെടെ 7.20 മീറ്റർ വീതിയുമുണ്ട്. ഈ പാലത്തിന് 2 അബട്ട്മെന്റുകളും 2 പിയറുകളും |

ആണ് ഉള്ളത്. ഈ പാലത്തിന് 10 കോടി രൂപയുടെ ഭരണാനുമതിയാണ് ഉണ്ടായിരുന്നത്. പാലത്തിന്റെ നിർമ്മാണത്തിനായി ഡിസൈനും, നിർമ്മാണവും ഉൾപ്പെടെ ഡിസൈൻ ടെണ്ടർ ക്ഷണിക്കുകയും കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരന് 14,19,74,400/-രൂപയ്ക്ക് നിർമ്മാണത്തിനായി കരാർ നൽകുകയും ചെയ്തു. 28/02/2016-ന് പാലം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ചെയ്തു.

(ഇ) ആരോപണവിധേയമായ പ്രവൃത്തികളെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ഇ) ആരോപണ വിധേയമായ പ്രവൃത്തികളെക്കുറിച്ച് പരാതി ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

RH

**സെക്ഷൻ ഓഫീസർ**